# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

## ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021, ജനുവരി 14, വ്യാഴം

**നമ്പർ 226**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

സ്വർണ്ണക്കടത്തുകേസുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയെ അന്വേഷണ ഏജൻസി അറസ്റ്റുചെയ്യുകയും അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി സംശയത്തിന്റെ നിഴലിൽ നിൽക്കുകയും ചെയ്യുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. ടി. തോമസും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) ദേശീയപാത 544-ലെ കുതിരാൻ തുരങ്കത്തിന്റെയും അനുബന്ധ റോഡിന്റെയും നിർമ്മാണം അടിയന്തരമായി പൂർത്തീകരിച്ച് ഗതാഗതത്തിനായി തുറന്ന് കൊടുക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. രാജൻ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്ത് റബ്ബർ വില സ്ഥിരതാ ഫണ്ട് പ്രകാരമുള്ള കുറഞ്ഞ വില 250 രൂപയായി വർദ്ധിപ്പിക്കേണ്ടതിന്റെയും വിവിധ കാർഷിക

ഉല്പന്നങ്ങൾക്കുള്ള താങ്ങുവില പുനഃക്രമീകരിക്കേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീ. മോൻസ് ജോസഫ് കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :

ചട്ടം 304 പ്രകാരം അംഗങ്ങൾ താഴെപ്പറയുന്ന വിഷയങ്ങൾ ഉന്നയിച്ചു :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. റ്റി. വി. രാജേഷ് | തീരദേശപരിപാലന പ്ലാനിന് അംഗീകാരം | മുഖ്യമന്ത്രി |
| 2 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | കർണാടകയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ തിരികെ ലഭിക്കുന്നതിന് നടപടി | മുഖ്യമന്ത്രി |
| 3 | ശ്രീ. ഒ. രാജഗോപാൽ | തിരുമല തൃക്കണ്ണാപുരം റോഡ് വികസനം. | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. യു. ജനീഷ് കുമാർ | തൃപ്പാറ, മാത്തൂർ, ചിറ്റൂർ കടവ് പാലങ്ങളുടെ നിർമ്മാണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. ബി. ഗണേഷ് കുമാർ | കൊട്ടാരക്കര പുനലൂർ ദേശീയപാത പുനരുദ്ധാരണ പ്രവൃത്തികൾ | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. കെ. ബഷീർ | അരീക്കോട് സ്റ്റേഡിയം നിർമ്മാണം | വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. എസ്. ശബരീനാഥൻ | അരുവിക്കര ഡാമിലെ മാലിന്യങ്ങൾ | ജലവിഭവ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. അൻവർ സാദത്ത് | ആലുങ്കൽ കടവ്, പാറപ്പുറം വല്ലംകടവ് പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. അബ്ദുൽ ഹമീദ് പി. | മുദിയം പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. വി. കെ. സി. മമ്മത് കോയ | കോഴിക്കോട് ഫൈൻ ആർട്സ് കോളേജ് | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തുവച്ച കടലാസുകൾ</u> :

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു.

(i) ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ.ടി.എം.തോമസ് ഐസക് " 2020-ലെ സാമ്പത്തിക അവലോകനം" മേശപ്പുറത്തുവച്ചു.

(ii) ചട്ടങ്ങൾ സംബന്ധിച്ച കമ്മിറ്റിയുടെ അംഗമായ ശ്രീ.സി.ദിവാകരൻ കമ്മിറ്റിയുടെ മൂന്നാമത് റിപ്പോർട്ട് മേശപ്പുറത്തുവച്ചു.

<u>റിപ്പോർട്ട് സമർപ്പണം</u> :

(1) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധതൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ശ്രീ. സി. കൃഷ്ണൻ കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിച്ചു.

(2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ശ്രീ. വി. ഡി. സതീശൻ കമ്മിറ്റിയുടെ എഴുപത്തിയൊന്ന് മുതൽ എഴുപത്തിഏഴുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച (തുടർച്ച):

ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച പുനരാരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു :

ശ്രീ. പി. കെ. ശശി

ശ്രീ. റോജി എം. ജോൺ

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. വി. അബ്ദുറഹിമാൻ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. എം. മുകേഷ്

ശ്രീമതി സി. കെ. ആശ

ഡോ. എൻ. ജയരാജ്

ഡോ. എം. കെ. മുനീർ

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. രമേശ് ചെന്നിത്തല, പ്രതിപക്ഷനേതാവ്.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി റ്റി. പി. രാമകൃഷ്ണൻ, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ എന്നിവർ മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭ തള്ളി. തുടർന്ന് നന്ദിപ്രമേയം വോട്ടിനിടുകയും അംഗീകരിക്കുകയും ചെയ്തു.

2021 ജനുവരി 15-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.52-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Twenty Second Session

# BULLETIN—PART I

( Brief Record of Proceedings )

*Thursday, January 14, 2021*

**No.226**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Two questions in the list of questions posted for the day were answered orally.

*Adjournment motion :*

After hearing the Chief Minister the Speaker withheld consent to the moving of an adjournment motion given notice of by Shri P. T. Thomas and three other Members regarding the serious situation reported to have arisen consequent to the arrest of former Principal Secretary to the Chief Minister by the investigating agency and the Additional Private Secretary coming under the shadow of suspicion in connection with the gold smuggling case.

(In protest against the attitude of the Government in the matter the members belonging to the Opposition staged a walkout.)

*Calling Attention:*

(1) Shri K. Rajan called the attention of the Minister for Public Works and Registration to the necessity to complete the works of Kuthiran tunnel and its approach roads of National Highway-544 and open it for traffic urgently. The Minister made a statement thereto.

(2) Shri. Mons Joseph called the attention of the Minister for Agriculture to the necessity to increase the minimum price as per the price stability fund of rubber to Rs. 250 and to reallocate minimum support price of various agriculture products in the State. The Minister made a statement thereto.

*Matters raised by members under Rule 304 :*

The Members raised the following matters under Rule 304.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | ബന്ധപ്പെട്ട മന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. റ്റി. വി. രാജേഷ് | തീരദേശപരിപാലന പ്ലാനിന് അംഗീകാരം. | മുഖ്യമന്ത്രി |
| 2 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | കർണാടകയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ തിരികെ ലഭിക്കുന്നതിന് നടപടി | മുഖ്യമന്ത്രി |
| 3 | ശ്രീ. ഒ. രാജഗോപാൽ | തിരുമല തൃക്കണ്ണാപുരം റോഡ് വികസനം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. യു. ജനീഷ് കുമാർ | തൃപ്പാറ, മാത്തൂർ, ചിറ്റൂർ കടവ് പാലങ്ങളുടെ നിർമ്മാണം. | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. ബി. ഗണേഷ് കുമാർ | കൊട്ടാരക്കര പുനലൂർ ദേശീയപാത പുനരുദ്ധാരണ പ്രവൃത്തികൾ | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. കെ. ബഷീർ | അരീക്കോട് സ്റ്റേഡിയം നിർമ്മാണം. | വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. എസ്. ശബരീനാഥൻ | അരുവിക്കര ഡാമിലെ മാലിന്യങ്ങൾ | ജലവിഭവ വകുപ്പുമന്ത്രി |
| 8 | ശ്രീ. അൻവർ സാദത്ത് | ആലുങ്കൽ കടവ്, പാറപ്പുറം വല്ലംകടവ് പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. അബ്ദുൽ ഹമീദ്. പി. | മുദിയം പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. വി. കെ. സി. മമ്മത് കോയ | കോഴിക്കോട് ഫൈൻ ആർട്സ് കോളേജ് | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും |

The Ministers concerned made statements on the respective subjects.

*Papers laid on the table :*

(1) DR. T. M. Thomas Isaac, Minister for Finance and Coir laid on the Table the ' Economic Review - 2020 '.

(2) Shri C. Divakaran, Member, Rules Committee laid on the Table the Third Report of the Committee.

*Presentation of Reports :*

(1) Shri C. Krishnan, Chairman, Committee on the Welfare of Fishermen and Allied Workers presented the Fifth Report of the Committee.

(2) Shri V. D. Satheesan, Chairman, Committee on Public Accounts presented the Seventy First to Seventy Seventh Reports of the Committee.

*Discussion on the Motion of Thanks to the Governor's Address.*

Discussion on the Motion of thanks to the Governor's address resumed. The following Members took part in the discussion:

Shri P. K. Sasi

Shri Roji M. John

Shri R. Ramachandran

Shri V. Abdurahiman

Shri Anoop Jacob

Shri M. Mukesh

Smt. C. K. Asha

Dr. N. Jayaraj

Dr. M. K. Muneer

Shri A. Pradeep kumar

Shri Ramesh Chennithala, Leader of Opposition.

Shri T. P. Ramakrishnan, Minister for Labour and Excise and Shri Pinarayi Vijayan, Chief Minister replied to the points raised in the discussion. The amendments moved were declared lost. The Motion of Thanks was then put to vote and adopted by the House.

The House adjourned at 4.52 p.m. to meet again at 9.00 a.m. on Friday, January 15, 2021.

S. V. Unnikrishnan Nair,
*Secretary.*